ആശയങ്ങൾ പങ്കുവയ്ക്കാൻ അനുയോജ്യമായ വേദി ഒരുക്കൽ, പരസ്യ പ്രചരണം, ലഹരി വിരുദ്ധ സന്ദേശമടങ്ങിയ ലഘുലേഖ വിതരണം, റിയാലിറ്റി ഷോ ഉൾപ്പെടെയുള്ള വിവിധ ടെലിവിഷൻ പ്രോഗ്രാമുകൾ, എന്നിവയിലൂടെ 2014-15 വർഷത്തെ മദ്ധ്യനയത്തിൽ പ്രഖ്യാപിച്ചിരുന്ന 'പുനർജ്ജനി 2030' പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുക, ഇത്തരത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽ ജനശ്രദ്ധ ആകർഷിക്കാനായി ഗവൺമെന്റ് ബ്രാൻഡ് അംബാസിഡേഴ്സിന്റെ സജീവമായ പങ്കാളിത്തം ഉറപ്പ് വരുത്തുക, UNICEF പോലുള്ള സംഘടനകളുടെ സഹായ സഹകരണത്തോടുകൂടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതുപോലെ തുടർന്നും അവയുടെ സഹായ സഹകരണത്തോടുകൂടി ഇത്തരം പരിപാടികൾ നല്ല രീതിയിൽ നടത്തുക അതുവഴി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുക. കൂടാതെ സർക്കാർ സർക്കാരിതര സംഘടനകൾ, NRHM, KSSM, NSS, NCC, Student Police Cadet (SPC), Youth Commission എന്നിവയുടെ പങ്കാളിത്തം പ്രയോജനപ്പെടുത്തുക, തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിൽ വരുത്തുന്നതിന് എക്സൈസ് വകുപ്പിന്റെ കീഴിൽ "സുബോധം" എന്ന ബൃഹത്തായ പദ്ധതിയ്ക്ക് രൂപം നൽകി. 27-4-2015 ജി.ഒ.(എം.എസ്) 73/2015/നി.വ. പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണം

29 (*29) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും, വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അവയുടെ ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിക്കാൻ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ ആരുടെയെല്ലാം സഹകരണത്തോടെയാണ് പരിപാടികൾ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് ഇതിനായി ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പരിപാടികൾ നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

326/2021

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും, വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഉണ്ട്. സൈബർ കുറ്റകൃത്യങ്ങളും, ഇന്റർനെറ്റിലൂടെ വിവിധ രൂപത്തിലുള്ള സാമ്പത്തിക തട്ടിപ്പുകളും, ഫെയ്സ് ബുക്ക്, വാട്സ്അപ്പ് മുതലായവ സോഷ്യൽ മീഡിയകളിലൂടെ വ്യക്തിപരവും മതപരവും രാജ്യദ്രോഹപരവുമായ കുറ്റകൃത്യങ്ങൾ മുതലായവ തടയുന്നതിനും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷത്തുകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും വേണ്ടി പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണത്തിനുംവേണ്ടി പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമായി ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. കൂടാതെ ജനമൈത്രി പോലീസ്, വിവിധ സന്നദ്ധ സംഘടനകൾ, അക്ഷയ കേന്ദ്രങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയുടെ സഹകരണത്തോടെയും വിദ്യാർത്ഥികൾക്ക് ബോധവൽക്കരണവും ക്ലാസ്സുകളും നടത്തി വരുന്നു. പോലീസ് സ്റ്റേഷനുകൾ മുഖാന്തിരം അതാതു പ്രദേശത്തെ സ്കൂളുകൾ, കോളേജുകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, ക്ലബ്ബുകൾ, മറ്റ് ഇതര സാംസ്കാരിക സംഘടനകൾ എന്നിവ സംഘടിപ്പിക്കുന്ന കൂട്ടായ്മയിലും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷത്തുകളെ കുറിച്ചും ബോധവൽക്കരണ ക്ലാസുകൾ നടത്താറുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ CERT-ന്റെ (Computer Emergency Response Team) സഹകരണത്തോടെ മുൻകരുതൽ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സ്കൂളുകൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, നാഷണൽ സർവ്വീസ് സ്കീം, ഐ.സി.ഡി.എസ്. പ്രോജക്ട്, സന്നദ്ധ സംഘടനകൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, ദൃശ്യ-ശ്രവ്യ പത്ര മാധ്യമങ്ങൾ എന്നിവരുമായി ചേർന്നും കൂടാതെ ജനമൈത്രി പോലീസ്, റസിഡന്റ്സ് അസ്സോസിയേഷനുകൾ, പി.ടി.എ., സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ക്ലബ്ബുകൾ, കേരളാ വനിതാ കമ്മീഷൻ മറ്റ് ഇതര സാംസ്കാരിക സന്നദ്ധ സംഘടനകൾ എന്നിവയുടെയും സഹകരണത്തോടു കൂടിയുമാണ് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നത്.

(സി) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അവയുടെ ഭവിഷത്തുകളെക്കുറിച്ചും അവയ്ക്ക് ഇരയാകാതിരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ഇരകളായാൽ സ്വീകരിക്കേണ്ട കാര്യങ്ങളെക്കുറിച്ചും നിയമ നടപടികളെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ്സുകളാണ് പ്രധാനമായും നടത്തിവരുന്നത്. പവർ പോയിന്റ് പ്രസന്റേഷൻ സ്ലൈഡുകളുടെ വീഡിയോ പ്രദർശിപ്പിച്ച് ഇന്റർനെറ്റ്, സോഷ്യൽ മീഡിയകൾ, മൊബൈൽ ഫോണുകൾ എന്നിവയുടെ ദുരുപയോഗം മൂലമുള്ള അപകടങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നു. ദൃശ്യ മാധ്യമങ്ങളിൽ സൈബർ കുറ്റകൃത്യത്തെക്കുറിച്ചും അതിന്റെ ഭവിഷത്തുകളെ കുറിച്ചും വിശദീകരിക്കുന്നു. മൊബൈൽ സുരക്ഷിതമായി ഉപയോഗിക്കുന്നതിനെ

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ചും Security Safety & Ethics for Teenagers, Internet Safety Basics എന്നതിനെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നു. കൂടാതെ Chatting with Strangers e-mail, Social Network Sites എന്നിവയിൽ എന്തെല്ലാം ചെയ്യാൻ പാടില്ല എന്നതിനെക്കുറിച്ചും ക്ലാസ്സുകൾ എടുക്കുന്നുണ്ട്. ഐ.ടി. ആക്ടിലെ പ്രധാനപ്പെട്ട വകുപ്പുകളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്. അച്ചടി മാധ്യമങ്ങൾ വഴിയും, ജില്ലാ പോലീസ് മേധാവിമാരുടെ ഫെയ്സ് ബുക്ക്, ട്വിറ്റർ അക്കൗണ്ട് വഴിയും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും നിയന്ത്രണ മാർഗ്ഗങ്ങളെ സംബന്ധിച്ചും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നുണ്ട്. ഇതുകൂടാതെ Brochures, Palmhlets, Booklets, Notices, Banners എന്നിവയും സൈബർ ബോധവൽക്കരണത്തിനായി ഉപയോഗിക്കുന്നുണ്ട്.

(ഡി) മേൽ വിവരിച്ചതിനുപുറമെ സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് പോലീസിന്റെ ഭാഗത്തു നിന്നും പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നതിൽ വരുത്തേണ്ട കാലികമായ മാറ്റങ്ങളെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് പ്രോജക്ട്

30 (*30) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എസ്. ശർമ്മ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇന്റർനാഷണൽ ഡീപ്പ് വാട്ടർ മൾട്ടി പർപ്പസ് സീപോർട്ട് പ്രോജക്ട് സ്വന്തം ഉടമസ്ഥതയിൽ ലാൻഡ് ലോർഡ് മോഡലിൽ നടപ്പിലാക്കാനുള്ള തീരുമാനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ മാറ്റം വരുത്തിയതെപ്പോഴാണ് ;

(ബി) തുറമുഖ നടത്തിപ്പിനുമാത്രം സ്വകാര്യ പങ്കാളിയെ ലേലത്തിലൂടെ കണ്ടെത്തുന്നതിനും തുറമുഖം ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്വന്തം നിലയിൽ വികസിപ്പിക്കുന്നതിനുമുള്ള തീരുമാനത്തിൽനിന്നും പുറകോട്ട് പോയിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്താമോ ; നയമാറ്റത്തിന് മുമ്പായി സർവ്വകക്ഷിയോഗം വിളിച്ച് ചോർക്കുകയുണ്ടായോ ;

(സി) പദ്ധതി പി.പി.പി. മോഡലിൽ റീസ്ട്രക്ചർ ചെയ്യാൻ 18-1-2013-ന് മുഖ്യമന്ത്രി കേന്ദ്ര പ്ലാനിംഗ് കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നോ ; എങ്കിൽ മുൻ നയത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ടുള്ള കത്തയക്കാൻ മന്ത്രിസഭാ തീരുമാനം ഉണ്ടായിരുന്നോ ;